**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 15 07.08.2017- ൽ മറുപടിയ്ക്ക്

**വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

**ചോദ്യം**

**ശ്രീ.എൻ.വിജയൻപിള്ള**
**ശ്രീമതി യു.പ്രതിഭ ഹരി**
**ശ്രീ.പി.ടി.എ.റഹീം**
**ശ്രീ.വി.ജോയി.**

**മറുപടി**

**ശ്രീമതി കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| (എ) | വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) & (ബി) | വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മൂന്ന് മാസത്തിൽ കുറയാത്ത ഇടവേളകളിൽ ബോർഡ് യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. കൂടാതെ വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്ലാൻ ഫണ്ടുകളുടെ ഉപയോഗം ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാർ തലത്തിലും പ്ലാനിംഗ് ബോർഡും വിലയിരുത്തുന്നുണ്ട്. |
| (ബി) | കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സ്ത്രീകൾക്ക് ആവശ്യമായ സഹായം നൽകുന്നതിനായി കോർപ്പറേഷൻ 'മിത്ര 181' എന്ന ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ടോ; | (സി) | 'മിത്ര 181' ഹെൽപ്പ് ലൈനിന്റെ 24 മണിക്കൂർ പ്രവർത്തനം, 28.03.2017 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 2017-18 സാമ്പത്തിക വർഷം വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) വനിതാ വികസന കോർപ്പറേഷൻ വഴി വനിതകൾക്ക് സംരംഭകത്വ വായ്പ നൽകി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 2) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഗോത്രവർഗ്ഗത്തിൽപ്പെടുന്ന വനിതകൾക്കായി ഒരു സംയോജിത നൈപുണ്യ വികസന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3) എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരായ സ്ത്രീകൾക്കായി ഹോസ്റ്റൽ, ഗസ്റ്റ് റൂം, അന്തേവാസികളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് വേണ്ടി ഷോർട്ട് സ്റ്റേ ഹോം എന്നിവ ചേർന്ന വനിതാ മിത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4) കേരളത്തിലെ എല്ലാ വിദ്യാലയ-ങ്ങളിലും ഷീ-പാഡ് വിതരണം.<br>5) വനിതകൾക്കും പെൺകുട്ടികൾ-ക്കുമായി ആർത്തവശുചിത്വ/ ആരോഗ്യ ബോധവത്ക്കരണ പരിപാടി.<br>6) പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി ലിംഗാവബോധ പരിശീലന പരി-പാടി.<br>7) വിവിധ ജില്ലകളിലായി 25 ഷീ-ടോയിലെറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 8) സംസ്ഥാന വ്യാപകമായി സ്ത്രീകൾക്കു വേണ്ടി ഫ്രെഷ് അപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>9) 80 കോളേജുകളിൽ കൂടി വിമൻസെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>10) സ്ത്രീ സുരക്ഷയ്ക്കായി അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങളും സഹായവും ലഭ്യമാക്കുന്നതിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന 'മിത്ര 181' എന്ന ഹെൽപ്പ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>11) കൂടാതെ അന്താരാഷ്ട്ര വനിതാ വാണിജ്യ സമുച്ചയം എറണാകുളത്ത് സ്ഥാപി-ക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ഇ) | ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആദിവാസി ഊരുകളിൽ പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷൻ പദ്ധതി തയ്യാറാക്കി വരുന്നു. ഈ വർഷം ചക്കിട്ടപാറ പഞ്ചായത്തിലെ മുതുകാട്ടുള്ള 4 ആദിവാസി ഊരുകളിലെ വനിതകൾക്ക് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ ഒരു തൊഴിൽ പരിശീലന/വികസന പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**